## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3581 — 23.06.2014 ൽ മറുപടിയ്ക്ക്

### കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽ കേന്ദ്ര സർക്കാർ എടുത്ത നിലപാട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽ കേന്ദ്ര സർക്കാർ എടുത്ത നിലപാട് എന്തായിരുന്നുവെന്ന് അറിയാമോ; സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് എടുത്ത നിലപാട് എന്താണ്; കേന്ദ്ര സർക്കാർ എടുത്ത നിലപാട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുന്നു എന്നും, അതുപ്രകാരം കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെടെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങൾ നിശ്ചയിക്കുന്നു എന്നും, അവിടെ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ നടപ്പാക്കുന്നു എന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. S.O.733 (E) തീയതി 10.03.2014 പ്രകാരമുള്ള കരട് വിജ്ഞാപനത്തിൽ കേരളത്തിന് ESA യുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കൃഷി, പ്ലാന്റേഷൻ, താമസഭൂമികൾ എന്നിവ ഒഴിവാക്കിക്കൊണ്ട് കേരളത്തിന്റെ മൊത്തം ESA പരിധി 9,993.7 ചതുരശ്ര കി.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം നിലവിലുള്ള നിയന്ത്രണങ്ങൾ താഴെപ്പറയുന്നവ മാത്രമാണ്. |

നിരോധനമുള്ളവ

| | |
|---|---|
| ഖനനം | പൂർണ്ണ നിരോധനം. എല്ലാ ഖനികളും 5 വർഷത്തിനുള്ളിലോ, ലീസ് കാലാവധി തീരുന്നതോ ഏതാണ് ആദ്യം അതുവരെ മാത്രം. |
| താപനിലയങ്ങൾ | പുതിയവ ഇല്ല. ഉള്ളവ വികസിപ്പിക്കാനാവില്ല. |
| വ്യവസായം | 'ചുവന്ന' വിഭാഗം (മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ച പ്രകാരം) നിരോധിക്കപ്പെടും. |
| കെട്ടിടങ്ങൾ | 20000 ച.കിമീറ്ററും അതിലധികവുമുള്ള |

| | |
|---|---|
| | കെട്ടിടങ്ങളും നിർമ്മാണങ്ങളും പുതുതായി അനുവദിക്കില്ല. സ്ഥലവികസന പദ്ധതികൾ 50 ഹെക്ടറും അധികവും, അഥവാ 1,50,000 ച.കി.മീ. അധികവും പുതുതായി അനുവദിക്കില്ല. |

നിയന്ത്രണമുള്ളവ

| | |
|---|---|
| ജലവൈദ്യുത പദ്ധതി | (i) പാരിസ്ഥിതിക ആഘാത പഠനം നടത്തണം<br>(ii) വേനൽക്കാലത്ത് 30% എങ്കിലും ഒഴുക്ക് നിലനിർത്തണം.<br>(iii) ആകമാന പാരിസ്ഥിതിക ആഘാത നിർണ്ണയം, ഒഴുക്കിന്റെ രീതി.<br>(iv) വന/ജൈവവൈവിദ്ധ്യ നഷ്ടം കണക്കാക്കണം.<br>(v) രണ്ടു ജല പദ്ധതികൾ തമ്മിലുള്ള ദൂരം 3 കി.മീറ്റർ മിനിമം.<br>(vi) നദീതടത്തിന്റെ 50%ത്തിലധികം പദ്ധതി ബാധകമാക്കാൻ പാടില്ല. |
| ഓറഞ്ച് കാറ്റഗറി പദ്ധതികൾ | കർശന വ്യവസ്ഥകളോടെയും, ഏറ്റവും കുറഞ്ഞ പരിസ്ഥിതി ആഘാതത്തോടെയും നടപ്പാക്കാം. |
| | നിരോധിക്കപ്പെട്ടവ ഒഴികെയുള്ള പദ്ധതികൾ സഞ്ചിത ആഘാതവും വികസനാവശ്യവും കണക്കിലെടുത്ത ശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടെ നടപ്പാക്കാം. |
| | വനം ആവശ്യമായ കേസുകളിൽ പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും MoEF ന്റേയും സംസ്ഥാന വനം വകുപ്പിന്റേയും വെബ്സൈറ്റിൽ കൊടുക്കണം. പട്ടികവർഗ്ഗ (വനാവകാശ) നിയമ പ്രകാരമുള്ള മുൻകൂർ അനുമതി നേടിയിരിക്കണം. ഗ്രാമസഭയുടെ അനുമതി നിർബന്ധം. |

(ബി) കരട് വിജ്ഞാപനം ഇറങ്ങിയ ശേഷവും, 2013 നവംബർ 13 ലെ ഉത്തരവ്, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, നിലനിൽക്കുമെന്ന് ഹരിത ട്രൈബ്യൂണലിൽ കേന്ദ്ര സർക്കാർ അറിയിച്ചതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരി

(ബി) 13.11.2013 ലെ നിർദ്ദേശം സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകൾ, മുൻകൂർ പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള സംവിധാനങ്ങളായ സംസ്ഥാനതല വിദഗ്ധ അവലോകന സമിതി (SEAC), സംസ്ഥാന പരിസ്ഥിതി ആഘാത

ച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്നു വിശദമാക്കാമോ?

എന്നിവയ്ക്ക് മറ്റ് ഉത്തരവുകൾ ഉണ്ടാകുന്നതുവരെ പരിസ്ഥിതി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങളാണ്. പരിസ്ഥിതിലോല വില്ലേജുകളിൽ മൈനിംഗ്, ക്വാറീയിംഗ്, മണൽ ഖനനം, താപനിലയങ്ങൾ, 20,000 ച.മീറ്ററും അതിലധികവുമോ അഥവാ 1,50,000 ച.മീറ്ററും അതിലധികവും വിസ്തൃതിയുള്ള ടൗൺഷിപ്പുകളും, ചുവപ്പു കാറ്റഗറിയിൽപ്പെടുന്ന വ്യവസായങ്ങളും നിരോധിക്കുന്നതാണ് പ്രസ്തുത നിർദ്ദേശം.

എന്നാൽ തുടർന്ന് സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി സംസ്ഥാനത്തിനു മാത്രമായി പരിസ്ഥിതിലോല പ്രദേശങ്ങളിൽ ചില പ്രത്യേക ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കരടു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കയാണ്. അതുപ്രകാരം, ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ പൂർണ്ണമായി പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിന്നൊഴിവാക്കി, സംസ്ഥാനത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങൾ സർവ്വേ മാപ്പ് അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ നിയന്ത്രണങ്ങൾ, ഇപ്പോൾ മാപ്പിൽ കാണിച്ചിട്ടുള്ള യഥാർത്ഥ പരിസ്ഥിതിലോല പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടും. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും, പുതിയ ESA അംഗീകരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ റിപ്പോർട്ടും കരടു വിജ്ഞാപനവും വന്നതു കണക്കിലെടുത്ത് ഹരിത ട്രൈബ്യൂണലിലെ കേസ് തള്ളണമെന്നാണ് അവിടെ സ്വീകരിച്ചിരിക്കുന്ന നിലപാട്.

സെക്ഷൻ ഓഫീസർ